# അല്ലാഹുവിന്റെ നാമങ്ങളിലുള്ള ഇഹ്സ്വാഅ്

തയ്യാറാക്കിയത്: അബ്ദുൽ ജബ്ബാർ അബ്ദുല്ല

അല്ലാഹുവിന്റെ നാമങ്ങളെ ഇഹ്സ്വാഅ് ചെയ്യുന്നവർക്ക് അവൻ സ്വർഗം വാഗ്ദാനം ചെയ്തിരിക്കുന്നു. നബിﷺ പറഞ്ഞതായി അബൂഹുറയ്റ-യിൽനിന്ന് നിവേദനം:

إِنَّ لِلَّهِ تِسْعَةً وَتِسْعِينَ اسْمًا مِائَةً إِلَّا وَاحِدًا مَنْ أَحْصَاهَا دَخَلَ الْجَنَّةَ

“നിശ്ചയം, അല്ലാഹുവിനു തൊണ്ണൂറ്റി ഒമ്പതു നാമങ്ങളുണ്ട്. നൂറിൽ ഒന്ന് ഒഴിവ്; വല്ലവനും അവയെ ഇഹ്സ്വാഅ് ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു.” (മുസ്‌ലിം)

ഇവിടെ ഇഹ്സ്വാഇന്റെ ഉദ്ദേശ്യമെന്ത് എന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അവയിൽ ഏറ്റവും പ്രബലമായത് ഇമാം ഇബ്നുൽകയ്യിം-- ഉണർത്തിയ താണ്. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ നാമങ്ങളെ ഇഹ്സ്വാഅ് ചെയ്യൽ ചില മർതബകളിലായിട്ടാണ്. അവ:

**ഒന്ന്:** അവ എണ്ണിത്തിട്ടപ്പെടുത്തുകയും മനഃപാഠമാക്കുകയും ചെയ്യുക.

**രണ്ട്:** അവയുടെ അർത്ഥവും തേട്ടവും അറിയുക.

**മൂന്ന്:** അവകൊണ്ട് ദുആഅ് ചെയ്യുക.

﴿وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا﴾ الأعراف: ١٨٠

﴿അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകൾ കൊണ്ട് അവനെ നിങ്ങൾ വിളിച്ചുകൊള്ളുക.....﴾(വി. ഖു. 7: 180)